പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*425 — 28.06.2013-ൽ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2011-12-ൽ നടത്തിയ ഫണ്ട് വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ :<br>ശ്രീ.റ്റി.വി.രാജേഷ് :<br>ശ്രീ.സി.കൃഷ്ണൻ : | ശ്രീ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2011-12-ൽ നടത്തിയ ഫണ്ട് വിനിയോഗത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2012 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വികസന ചെലവിലും സാമൂഹ്യമേഖല ചെലവിലും വന്നിട്ടുള്ള കുറവുകൾ സംസ്ഥാനത്തിന്റെ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിഘാതം നിന്നിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം വികസന ചെലവുകളെ മൂന്നു മേഖലകളായി തിരിച്ചിരുന്നു. പശ്ചാത്തല മേഖല, ഉല്പാദനമേഖല, സേവനമേഖല എന്നിവയായിരുന്നു ഇത്. ആശ്രയ പദ്ധതി, ഖരമാലിന്യ പരിപാലന ചെലവ്, അംഗൻവാടികൾ മുഖേനയുള്ള പോഷകാഹാര വിതരണം, അക്ഷയ പദ്ധതി, ജലനിധി, കേരള സുസ്ഥിര നഗരവികസന പ്രോജക്ടിനുള്ള വകയിരുത്തൽ എന്നിവ മേഖലാവിഭജനത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. സേവനമേഖലയ്ക്ക് പ്രത്യേകം പരിധിയോ സ്ഥലമോ നിശ്ചയിച്ചിട്ടില്ല. ഉല്പാദന മേഖലയ്ക്ക് ആവശ്യമായ തുകയും മറ്റു അനിവാര്യവകയിരുത്തലുകളും നീക്കിവച്ചതിനുശേഷം എത്ര തുക വേണമെങ്കിലും സേവന മേഖലക്ക് |

| | |
|---|---|
| | വകയിരുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുമായിരുന്നു. 11- ാം പഞ്ചവത്സര പദ്ധതിയുടെ കാലയളവിൽ 32 മുതൽ 40 ശതമാനം വരെ ഇപ്രകാരമുള്ള വകയിരുത്തലുകൾ നടന്നിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവ സേവന മേഖലയിലാണ് ഉൾപ്പെടുത്തിയിരുന്നത്. സേവന മേഖലയിൽ വകയിരുത്തലുകൾ കുറവായിട്ടില്ലായെന്ന് വ്യക്തമാണ്. സാമൂഹ്യമേഖല എന്നൊരു മേഖലാ വിഭജനം പദ്ധതി മാർഗ്ഗരേഖയിൽ വിഭാവനം ചെയ്തിട്ടില്ല. |
| (സി) ഈ നിരീക്ഷണങ്ങളുടെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയംഭരണ പദ്ധതി നിർവ്വഹണത്തിൽ മാറ്റംവരുത്താൻ തയ്യാറാകുമോ; വിശദമാക്കുമോ? | (സി) ഉത്തരം ബി യുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ.